<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62</u> <u>04-10-2021 - ൽ മറുപടിയ്ക്ക്</u>

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആർക്കെല്ലാമാണ് തുക അനുവദിക്കുന്നത്; അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് വിശദമാക്കാമോ; | (എ) | ചികിത്സ ധനസഹായം, അപകട മരണം, പ്രകൃതി ദുരന്തം, തീപിടുത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും, കടൽക്ഷോഭം മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000/- രൂപ വീതം ജില്ലാകളക്ടർമാർ അനുവദിക്കുന്നുണ്ട്. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ നാശനഷ്ടത്തിന്റെ തോത് കണക്കാക്കി പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും കട്ടമരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000/- രൂപയും നൽകിവരുന്നുണ്ട്. അപകടമരണങ്ങൾക്ക് ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന മറ്റ് ധനസഹായങ്ങൾക്ക് പരമാവധി തുക നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ചികിത്സ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ |

| | | | |
|---|---|---|---|
| | | | കലാവധിയ്ക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപ് ലോഡ് ചെയ്യേണ്ടതാണ് |
| (സി) | അപേക്ഷ സമർപ്പിച്ചതിന് ശേഷം തുക അനുവദിക്കുന്നതിന് സമയപരിധിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സമയപരിധി നിശ്ചയിച്ചിട്ടില്ല. ചികിത്സ ധനസഹായത്തിനായി സി.എം.ഓ. പോർട്ടൽ വഴി ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തി ലഭിക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ